**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2875** **22-01-2021 - ൽ മറുപടിയ്ക്ക്**

**ചുനക്കര CHCക്ക് സമീപമുള്ള കുടിവെള്ള ടാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചുനക്കര സി.എച്ച്.സി. യ്ക്ക് സമീപമുള്ള കുടിവെള്ള ടാങ്ക് നില്ക്കുന്ന സ്ഥലം സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ (ഫയൽ നം.1412/M(WR)VIP/19-e3991784) (ഫയൽ നം. 1505/M(WR)VIP/19-e4014920) വിശദമാക്കുമോ? | (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചുനക്കര സി. എച്ച്. സി വളപ്പിൽ നിലകൊള്ളുന്ന വാട്ടർ ടാങ്ക് പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജേഷ് എം. എൽ. എ മുഖേന ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി. ജയദേവ് ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേലുള്ള മറുപടി ഈ വകുപ്പിലെ 06.01.2021 ലെ ഡബ്ല്യൂ. എസ്. സി2/9/2020/ജവിവ നമ്പർ കത്ത് പ്രകാരം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

ജല വിഭവ (ജലവിതരണ-സി) വകുപ്പ്

നമ്പർ.ഡബ്ല്യൂ.എസ്-സി2/9/2020/ജ.വി.വ 06/01/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി.

പ്രസിഡന്റ്
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്
ചാരുംമൂട് പി. ഒ
ആലപ്പുഴ 690505

സർ,

വിഷയം:- ജലവിഭവ വകുപ്പ്- ചുനക്കര CHC കോമ്പൗണ്ടിനോട് ചേർന്നുള്ള 12 സെന്റ് സ്ഥലം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് വിട്ടുനൽകണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന:- ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജനി ജയദേവ് 24/10/2019-ൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്ത്.

സൂചനയിലെ കത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ കത്തിനാധാരമായ വാട്ടർ ടാങ്ക് നിലനിൽക്കുന്ന സ്ഥലം ചുനക്കര വില്ലേജിലെ സർവ്വെ നമ്പർ 507/4-ൽ പെട്ടതും ചുനക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പേരിലുള്ളതുമാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി ടി സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമല്ല. താങ്കളുടെ കത്തിനാധാരമായ ഉപരിതല ജലസംഭരണി നിലവിൽ അപകടാവസ്ഥയിൽ ഉള്ളതല്ലെന്നും, നിലവിൽ ഈ സ്ഥലത്ത് പുതിയ പ്രോജക്ട് പ്രൊപ്പോസലുകൾ ഒന്നുംതന്നെയില്ലെന്നും, ഈ ടാങ്ക് ഉപയോഗപ്രദമാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, ഈ ടാങ്ക് സി. എച്ച്. സി-യുടെ ആവശ്യങ്ങൾക്കായി കൈമാറാവുന്നതാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
SEENA.A.N
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.